**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3119** **11-03-2025 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ നെന്മാറ സി.എച്ച്.സി. കെട്ടിടം, കൊട്ടുവായൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം, മുതലമട ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കായി 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടും നാളിതുവരെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | നെന്മാറ പഞ്ചായത്തിലെ നെന്മാറ സി.എച്ച്.സി കെട്ടിടം, കൊട്ടുവായൂർ ഗവ. സെക്കന്ററി സ്കൂൾ കെട്ടിടം, മുതലമട ഗവ. ഹൈസ്കൂൾ കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | നെന്മാറ പഞ്ചായത്തിലെ നെന്മാറ സി.എച്ച്.സി കെട്ടിടം, കൊട്ടുവായൂർ ഗവ. സെക്കന്ററി സ്കൂൾ കെട്ടിടം, മുതലമട ഗവ. ഹൈസ്കൂൾ കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| അനുബന്ധം | | | | |
|---|---|---|---|---|
| ക്രമ. നം. | പ്രവൃത്തിയുടെ പേര് | ബജറ്റ് വർഷം | അടങ്കൽ തുക | നിലവിലെ സ്ഥിതി |
| 1 | നെന്മാറ സി.എച്ച്.സി കെട്ടിടം | 2023-24 | 500 ലക്ഷം | 24/08/2024-ലെ CAPWD/287/2023-DA5-AR നമ്പർ പ്രകാരം 19/09/2024 തീയതിയിൽ ലഭ്യമായ ഫൈനൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് പ്രകാരം ഡി.പി.ആർ (എസ്റ്റിമേറ്റ്) തയ്യാറാക്കി വരുന്നു. പഴയ കെട്ടിടം പൊളിച്ചുമാറ്റി സൈറ്റ് തടസ്സരഹിതമാക്കി നൽകുന്നതിന് സി.എച്ച്.സി അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| 2 | കൊടുവായൂർ ഹയർ സെക്കന്ററി സ്കൂൾ ഹയർ സെക്കന്ററി ബ്ലോക്ക് കെട്ടിടം | 2023-24 | 200 ലക്ഷം | സ്കൂൾ കോമ്പൗണ്ടിൽ കെട്ടിടം പണിയുവാൻ സ്ഥലപരിമിതി ഉള്ളതിനാൽ ഒന്നാംഘട്ട പ്രവൃത്തിയുമായി ഒരുമിച്ച് നടപ്പിലാക്കുവാനായി ബഹുമാനപ്പെട്ട എം.എൽ.എയുടെ മീറ്റിംഗിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം 300 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ ഡീറ്റെയിൽഡ് ഡ്രോയിംഗ് പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ട് വിംഗിൽ നിന്നും ഡിസൈൻ വിംഗിലേക്ക് സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ മണ്ണുപര്യവേഷണം നടത്തിയിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| 3 | മുതലമട ഹൈസ്കൂൾ കെട്ടിടം | 2023-24 | 200 ലക്ഷം | 26/07/2024 -ലെ AR No. 268/24 (D) പ്രകാരം വിശദമായ ആർക്കിടെക്ചറൽ ഡ്രോയിംഗ് പൊതുമരാമത്ത് വകുപ്പിൽ തയ്യാറാക്കിയിട്ടുണ്ട്. 06/01/2025 ന് ലഭ്യമായ താൽക്കാലിക ഡിസൈൻ ഡ്രോയിംഗിലെ ഡിറ്റൈൽ പ്രകാരം നിലവിൽ ഡി.പി.ആർ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പഴയ കെട്ടിടം പൊളിച്ച് മാറ്റി സൈറ്റ് തടസ്സരഹിതമാക്കി നൽകുന്നതിന് സ്കൂൾ അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

| അനുബന്ധം | | | | |
|---|---|---|---|---|
| ക്രമ. നം. | പ്രവൃത്തിയുടെ പേര് | ബജറ്റ് വർഷം | അടങ്കൽ തുക | നിലവിലെ സ്ഥിതി |
| 1 | നെന്മാറ സി.എച്ച്.സി കെട്ടിടം | 2023-24 | 500 ലക്ഷം | 24/08/2024-ലെ CAPWD/287/2023-DA5-AR നമ്പർ പ്രകാരം 19/09/2024 തീയതിയിൽ ലഭ്യമായ ഫൈനൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് പ്രകാരം ഡി.പി.ആർ (എസ്റ്റിമേറ്റ്) തയ്യാറാക്കി വരുന്നു. പഴയ കെട്ടിടം പൊളിച്ചുമാറ്റി സൈറ്റ് തടസ്സരഹിതമാക്കി നൽകുന്നതിന് സി.എച്ച്.സി അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| 2 | കൊടുവായൂർ ഹയർ സെക്കന്ററി സ്കൂൾ ഹയർ സെക്കന്ററി ബ്ലോക്ക് കെട്ടിടം | 2023-24 | 200 ലക്ഷം | സ്കൂൾ കോമ്പൗണ്ടിൽ കെട്ടിടം പണിയുവാൻ സ്ഥലപരിമിതി ഉള്ളതിനാൽ ഒന്നാംഘട്ട പ്രവൃത്തിയുമായി ഒരുമിച്ച് നടപ്പിലാക്കുവാനായി ബഹുമാനപ്പെട്ട എം.എൽ.എയുടെ മീറ്റിംഗിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം 300 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ ഡീറ്റെയിൽഡ് ഡ്രോയിംഗ് പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ട് വിംഗിൽ നിന്നും ഡിസൈൻ വിംഗിലേക്ക് സമർപ്പിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ മണ്ണുപര്യവേഷണം നടത്തിയിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| 3 | മുതലമട ഹൈസ്കൂൾ കെട്ടിടം | 2023-24 | 200 ലക്ഷം | 26/07/2024 -ലെ AR No. 268/24 (D) പ്രകാരം വിശദമായ ആർക്കിടെക്ചറൽ ഡ്രോയിംഗ് പൊതുമരാമത്ത് വകുപ്പിൽ തയ്യാറാക്കിയിട്ടുണ്ട്. 06/01/2025 ന് ലഭ്യമായ താൽക്കാലിക ഡിസൈൻ ഡ്രോയിംഗിലെ ഡിറ്റെയിൽ പ്രകാരം നിലവിൽ ഡി.പി.ആർ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പഴയ കെട്ടിടം പൊളിച്ചു മാറ്റി സൈറ്റ് തടസ്സരഹിതമാക്കി നൽകുന്നതിന് സ്കൂൾ അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |